DESPATCHED
On..10/5/22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 144(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2385/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 6**

ശ്രീ. മധു റ്റി.,
അസിസ്റ്റന്റ് ജനറൽ മാനേജർ,
കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ,
കോർട്ട് റോഡ്, ആലപ്പുഴ – 688 001.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് ജനറൽ മാനേജർ (എച്ച് ആർ),
   കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ,
   ഹെഡ് ഓഫീസ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ജനറൽ മാനേജർ (ലീഗൽ),
   കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ,
   ഹെഡ് ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ .

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 18.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 6.01.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 4.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 7.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15.2.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 4.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

ശ്രീ. മധു റ്റി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും അപൂർണ്ണവും, തൃപ്തികരമല്ലാത്തതുമായ മറുപടിയാണ് നൽകിയതെന്നും അപ്രകാരം നൽകിയ മറുപടി ഡെപ്യൂട്ടി ജനറൽ മാനേജർ

തസ്തികയിലേയ്ക്കുള്ള ടിയാന്റെ പ്രമോഷനെ ബാധിക്കുകയുണ്ടായി എന്നും ആയതിനാൽ 18.10.21–ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് ഉത്തരവാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 18.10.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഡെപ്യൂട്ടി ജനറൽ മാനേജർ പ്രമോഷനുമായി ബന്ധപ്പെട്ട് 7.10.2021–ന് കൂടിയ സെലക്ഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് :

1) Number of candidates attended for the Interview for the Selection Committee on 7.10.2021.
2) Marks obtained by each candidate including him for Seniority, Performance (AAR) and Interview.
3) Furnish the copy of Rank list of all candidates as per selection for the post of DGM.
4) Copy of Board decision for filling the vacancy of DGM by promotion.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.11.2021–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിലെ 2, 3 എന്നീ ഇനങ്ങളിൽ അതൃപ്തി രേഖപ്പെടുത്തി 10.12.2021–ന് നൽകിയ അപ്പീൽ തീർപ്പാക്കി 6.1.2022–ന് നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി ശരിയാണെന്ന് കാണുന്നതിനാൽ അപ്പീൽ തീർപ്പാക്കുന്നു എന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ഉൾപ്പെടെ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലേക്ക് 7.10.2021–ന് നടന്ന ഇന്റർവ്യൂവിനെ സംബന്ധിച്ച വിവരങ്ങളായിരുന്നു അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നു അപേക്ഷയിൽ ഉന്നയിച്ച രണ്ടാമത്തെ ചോദ്യം 7.10.2021–ന് ഇന്റർവ്യൂയിൽ പങ്കെടുത്തവരുടെ സീനിയോറിറ്റി, പെർഫോമൻസ് (എഎആർ) & ഇന്റർവ്യൂ എന്നിവയുടെ മാർക്കാണെന്നും, ടി വിവരം വിവരാവകാശ നിയമം 8(1)(ജെ) ഗണത്തിൽപ്പെട്ട വ്യക്തിഗത വിവരവും പൊതു താത്പര്യ ഗണത്തിൽ വരാത്തതുമായതിനാൽ അപേക്ഷകന് ഇന്റർവ്യൂവിന് സീനിയോറിറ്റി, പെർഫോമൻസ് (എഎആർ) & ഇന്റർവ്യൂ എന്നിവയിൽ ലഭിച്ച മാർക്ക് മാത്രമേ നൽകിയിട്ടുള്ളു എന്നും, മറ്റുള്ളവരുടെ വിവരം ലഭ്യമാക്കിയിട്ടില്ലെന്നും മൂന്നാമത്തെ ചോദ്യം ഡി.ജി.എം. നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് സംബന്ധമായിരുന്നു എന്നും സ്ഥാനക്കയറ്റത്തിന് അർഹതയുള്ളവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി സ്ഥാനക്കയറ്റ ഉത്തരവ് നൽകിയിട്ടുള്ളുവെന്നും ഇതിന്റെ പകർപ്പ് അപേക്ഷകന് മറുപടി കത്തിനോടൊപ്പം എസ്.പി.ഐ.ഒ നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ അപ്പീൽ ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലാണ് ആക്ഷേപം ഉന്നയിച്ചതായി കാണുന്നത്. രണ്ടാമത്തെ ചോദ്യത്തിൽ 7.10.2021–ലെ ഇന്റർവ്യൂവിൽ പങ്കെടുത്തവർക്ക് സീനിയോറിറ്റി പെർഫോമൻസ് (എഎആർ),

ഇന്റർവ്യൂ എന്നിവയ്ക്ക് ലഭിച്ച മാർക്കാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിന് ഹർജിക്കാരന് ലഭിച്ച മാർക്ക് നൽകിയിട്ടുള്ളതും, മറ്റുള്ളവർക്ക് ലഭിച്ച മാർക്ക് വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നിരസിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും ഇന്റർവ്യൂവിൽ സ്വജനപക്ഷപാതം നടന്നതായും ആയതിനാൽ എസ്.പി.ഐ.ഒ കൃത്രിമത്വത്തിന് കൂട്ടുനിൽക്കുന്ന രീതിയിലാണ് വിവരം നൽകിയതെന്ന് ഹർജിക്കാരൻ ആരോപിച്ചിരിക്കുന്ന സാഹചര്യം കമ്മീഷൻ പരിശോധിച്ചതിലും ഈ കേസിലെ വസ്തുതകളുടെയും ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും ഈ ഹർജിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും ഇന്റർവ്യൂവിലെ സുതാര്യത ഉറപ്പാക്കുന്നതിനും പൊതു താത്പര്യം സംരക്ഷിക്കുന്നതിനും ടി വിവരം വെളിപ്പെടുത്തേണ്ടതാണെന്ന് (ഇന്റർവ്യൂവിൽ മാർക്ക് നൽകിയവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ മറച്ചുവച്ചു കൊണ്ട്) കമ്മീഷന് ബോധ്യമാകുന്നു. മൂന്നാമത്തെ ഡി.ജി.എം നിയമത്തിന്റെ റാങ്ക് ലിസ്റ്റ് സംബന്ധമായ ചോദ്യത്തിന് സീനിയോറിറ്റി പ്രകാരം ആദ്യത്തെ 3 പേർക്ക് പ്രമോഷൻ നൽകിയതായുള്ള വിവരം നൽകിയതായാണ് കാണുന്നത്. എന്നാൽ ടി ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് ലഭിക്കുവാനുള്ള അർഹതയുണ്ട്. ആയതിനാൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലെ 2, 3 ഇനങ്ങളിലായി ആവശ്യപ്പെട്ടതും ഫയലിൽ ലഭ്യമായതുമായ രേഖകളുടെ പകർപ്പ്, കമ്മീഷൻ മേൽ പരാമർശിച്ച രീതിയിൽ, 15.5.2022നകം ഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 6-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

bnk